**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ജിസിഡിഎ - അമരാവതി ടൗൺഷിപ്പ് സന്ദർശനം നടത്തുന്നതിനും ഇതിനായി വിമാനയാത്ര നടത്തുന്നതിനും ജിസിഡിഎ ചെയർമാനും ആസൂത്രണ വിഭാഗം സീനിയർ ഉദ്യോഗസ്ഥനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3107/2018/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 07/12/2018**

---

പരാമർശം:- ജിസിഡിഎ സെക്രട്ടറിയുടെ 01.11.2018, 21.11.2018 തീയതികളിലെ 9469/ജി.3/2018/ജിസിഡിഎ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2018 ഡിസംബർ മാസം അമരാവതി ടൗൺഷിപ്പ് സന്ദർശനം നടത്തുന്നതിനു ജിസിഡിഎ ചെയർമാൻ അഡ്വ വി സലിം, അതോറിറ്റിയിലെ ആസൂത്രണ വിഭാഗത്തിലെ സീനിയർ ടൗൺ പ്ലാനർ (ഇൻ ചാർജ്) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിലെ ടൗൺ പ്ലാനറായ ശ്രീ.ടി.എൻ.രാജേഷ് എന്നവർക്ക് അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും വിമാന യാത്രാ ചെലവ് വഹിക്കണമെന്ന വ്യവസ്ഥയോടെ അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം ആർ**
**ഗവ. അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ബന്ധപ്പെട്ട വ്യക്തികൾക്കു (സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**